മാസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് സർജൻമാർ എന്നിവർക്ക് നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകേണ്ടതുകൊണ്ട് ടി ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതിനകം തന്നെ 499 പേർക്ക് നിയമനം നൽകിക്കഴിഞ്ഞു. അടുത്ത രണ്ടുവർഷത്തിനുള്ളിൽ 500 (അഞ്ഞൂറ്)പേർക്കുകൂടി നിയമനം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർകോഡ് ഗസ്റ്റഡ് ഹൗസ്

15 (2428) ശ്രീ. സി.ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാസർകോഡ് ഒരു ഗസ്റ്റഡ്ഹൗസ് പണിയുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ അതിന്റെ പണി തുടങ്ങുവാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിയുന്നത്ര വേഗം പണി തുടങ്ങുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

കുഷ്ഠരോഗികൾ

16 (2429) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉള്ള എത്ര കുഷ്ഠരോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്;

(ബി) ഏറ്റവുമധികം കുഷ്ഠരോഗികളുള്ള ജില്ലകൾ ഏതെല്ലാമാണ്;

(സി) സാംക്രമികസാദ്ധ്യതയുള്ള ജില്ലകൾ ഏതെല്ലാമാണ്;

(ഡി) ഈ രോഗം നിയന്ത്രണാധീനമാക്കാൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഇ) തമിഴ്നാട്ടിൽ നിന്ന് ധാരാളം രോഗികൾ സംസ്ഥാനത്തേക്ക് വരുന്നതു തടയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 72,000 രോഗികൾക്ക് ചികിൽസ ലഭിക്കുന്നുണ്ട്.

(ബി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, കാസർകോട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ.

(സി) മേൽപ്പറഞ്ഞ ജില്ലകളിലെല്ലാംതന്നെ സാംക്രമിക സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly